നം. എഫ്1/33086/2012/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,
തീയതി: 23/06/2012.

## സർക്കുലർ

വിഷയം;- 2012-13 അദ്ധ്യായന വർഷത്തെ സെക്കണ്ടറി, ഹയർ സെക്കണ്ടറി വി.എച്ച്.എസ്.ഇ പരീക്ഷകൾക്കുള്ള ഉത്തരക്കടലാസുകൾ, സി.വി കവറുകൾ എന്നിവയുടെ എണ്ണം കണക്കാക്കുന്നതും റിപ്പോർട്ട് ചെയ്യുന്നതും സംബന്ധിച്ച് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്-

സൂചന;-

2012-13 അദ്ധ്യായന വർഷത്തെ സെക്കണ്ടറി, ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് മുൻവർഷത്തെപ്പോലെ പരീക്ഷാഭവനിൽ നിന്നും നൽകുന്ന ഉത്തരക്കടലാസുകളാണ് ഉപയോഗിക്കേണ്ടത്. ഓരോ പരീക്ഷാകേന്ദ്രത്തിലും ഇപ്പോൾ നിലവിലുള്ള സ്റ്റോക്ക് പൂർണ്ണമായും ഉപയോഗിച്ചശേഷം മാത്രമേ ഈ വർഷം നൽകുന്ന ഉത്തരക്കടലാസുകൾ ഉപയോഗിക്കാൻ പാടുള്ളൂ. ഓരോ പരീക്ഷാ കേന്ദ്രത്തി ലേയ്ക്കും ആവശ്യമുള്ള മെയിൻ ആൻസർ ബുക്കുകളുടേയും അഡീഷണൽ ഷീറ്റുകളുടേയും സി.വി. കവറുകളുടേയും എണ്ണം ഇതോടൊപ്പമുള്ള ഫോർമാറ്റിൽ കൃത്യമായി രേഖപ്പെടുത്തി 2012 ജൂലൈ മാസം 10-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറെ ഏൽപിക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും ജൂലൈ 15-ാം തീയതിക്ക് മുമ്പായി പരീക്ഷാഭവനിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവ ശേഖരിക്കുന്നതാണ്

വി.എച്ച്..എസ്.ഇ, ഹയർ സെക്കന്ററി, വിഭാഗങ്ങളിൽ നിന്നും മുൻ വർഷങ്ങളിൽ കൃത്യമായ വിവരം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ യഥാസമയം ലഭിക്കാതിരുന്നതിനാൽ പേപ്പർ വിതരണം കൃത്യസമയത്ത് പൂർത്തിയാക്കാൻ സാധിക്കാതെ വന്നിരുന്നു. ആയതിനാൽ ഈ വർഷം ഇപ്രകാരം ഉണ്ടാകാതിരിക്കാൻ വി.എച്ച്.എസ്.ഇ, ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കൃത്യമായ വിവരം നൽകാതിരുന്നാൽ ഇതിന്റെ പൂർണ്ണ ഉത്തരവാദി ഹെഡ്മാസ്റ്റർമാരും, പ്രിൻസിപ്പൽമാരും തന്നെയായിരിക്കും.**

ഈ വർഷം പരീക്ഷ എഴുതുമെന്ന് പ്രതീക്ഷിക്കുന്ന വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം കണക്കാക്കിവേണം ഉത്തരക്കടലാസുകളുടേയും സി.വി.കവറുകളുടേയും എണ്ണം രേഖപ്പെടുത്തേണ്ടത്.

<u>എണ്ണം കണക്കാക്കേണ്ട രീതി</u>

| | | |
|---|---|---|
| മെയിൻ ആൻസർ ബുക്ക് | = | ആകെ കുട്ടികളുടെ എണ്ണം x 10 |
| അഡീഷണൽ ആൻസർ ഷീറ്റ് | = | ആകെ കുട്ടികളുടെ എണ്ണം x 10 x 7 |
| സി.വി കവർ | = | (ആകെ കുട്ടികളുടെ എണ്ണം x 10) / 12 |

സ്കൂളുകൾക്ക് ലഭിക്കുന്ന ഉത്തരക്കടലാസുകളും സിവി കവറുകളും അലമാരകളിൽ സൂക്ഷിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഉത്തരക്കടലാസുകളും സിവി കവറുകളും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉടൻ തന്നെ നടപടി സ്വീകരിക്കുന്നതിന് പരീക്ഷാ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

പരീക്ഷാ സെക്രട്ടറി

പകർപ്പ്;

1) എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3) വി.എച്ച്.എസ്.ഇ ഹയർ സെക്കണ്ടറി ഡയറക്ടർമാർക്കും.
4) പൊതു വിദ്യാഭ്യാസ ഡയറക്ടർ.
5) സൂക്ഷിപ്പ് ഫയൽ;

rk

**HS/HSS/VHSC** ഏതാണെന്ന് ബോക്സിൽ രേഖപ്പെടുത്തുക

**2012-2013 അദ്ധ്യയന വർഷത്തെ സെക്കണ്ടറി/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി - മെയിൻ ആൻസർ ബുക്കിന്റെയും അഡീഷണൽ ആൻസർ ഷീറ്റിന്റെയും സി.വി. കവറുകളുടെയും കണക്ക് റിപ്പോർട്ട് ചെയ്യേണ്ട ഫാറം.**

റവന്യൂ ജില്ല. . . . . . . . . . . . . . . . . . . . . . . .

പരീക്ഷാ കേന്ദ്രത്തിന്റെ നമ്പർ } **H.S** - / **H.S.S.** - / **V.H.S.C.** -

വിദ്യാഭ്യാസ ജില്ല . . . . . . . . . . . . . . . . . . . .

| | | | | |
|---|---|---|---|---|
| 1 | പരീക്ഷാകേന്ദ്രത്തിന്റെ പേരും മേൽ വിലാസവും പിൻകോഡ് സഹിതം | | | |
| 2 | പരീക്ഷാകേന്ദ്രത്തിലെ ടെലഫോൺ നമ്പർ എസ്.റ്റി.ഡി കോഡുനമ്പർ സഹിതം | | | |
| 3 | 2012-13 അദ്ധ്യയനവർഷം ടി കേന്ദ്രത്തിൽ പരീക്ഷ എഴുതുന്ന കുട്ടികളുടെ ഏകദേശ എണ്ണം | | | |
| 4 | ആൻസർ പേപ്പർ വിതരണത്തിനായി വരുന്ന വാഹനം (10 ടൺ അടച്ച ലോറി) പരീക്ഷാ കേന്ദ്രത്തിൽ എത്തുമോ? | | | |
| 5 | പരീക്ഷാ കേന്ദ്രത്തിന്റെ അടുത്തുള്ള മറ്റു 3 പരീക്ഷാകേന്ദ്രങ്ങളുടെ പേരും അവിടെ എത്താൻ ഉള്ള ദൂരവും കിലോമീറ്ററിൽ | | | |
| 6 | 2012-13 അദ്ധ്യയനവർഷത്തെ പരീക്ഷയ്ക്ക് ആവശ്യമായ മെയിൻ ആൻസർ ബുക്കുകളുടെയും അഡീഷണൽ ആൻസർ ഷീറ്റുകളുടെയും സി.വി. കവറുകളുടെയും എണ്ണം | മെയിൻ ആൻസർ ബുക്ക് | അഡീഷണൽ ആൻസർ ഷീറ്റ് | സി.വി. കവർ |
| | | | | |
| 7 | നിലവിൽ പരീക്ഷാ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗയോഗ്യമായ മെയിൻ ആൻസർ ബുക്കുകളുടെയും അഡീഷണൽ ആൻസർഷീറ്റുകളുടെയും സി.വി. കവറുകളുടെയും എണ്ണം | മെയിൻ ആൻസർ ബുക്ക് | അഡീഷണൽ ആൻസർ ഷീറ്റ് | സി.വി. കവർ |
| | | | | |
| 8 | ഇനിയും ആവശ്യമായ മെയിൻ ആൻസർ ബുക്കുകളുടെയും അഡീഷണൽ ആൻസർ ഷീറ്റുകളുടെയും സി.വി. കവറുകളുടെയും എണ്ണം (കോളം 6-7) | മെയിൻ ആൻസർ ബുക്ക് | അഡീഷണൽ ആൻസർ ഷീറ്റ് | സി.വി. കവർ |
| | | | | |

സ്ഥലം :
തീയതി:

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ
(പേരും ഒപ്പും)

(സ്കൂൾ സീൽ)

മൊബൈൽ നമ്പർ :